**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 178** **14-10-2024 - ൽ മറുപടിയ്ക്ക്**

**ദേശീയപാത വികസന അതോറിറ്റിക്ക് പ്രത്യേക ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം സംസ്ഥാനത്തെ ദേശീയപാത വികസന അതോറിറ്റിക്ക് പ്രത്യേക ഫണ്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ദേശീയപാതകൾക്ക് എന്തു തുക വീതമാണ് നൽകിയതെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ ദേശീയപാത വികസനത്തിന് വേണ്ടി സംസ്ഥാനം സാമ്പത്തിക ബാധ്യത ഏറ്റെടുത്തിട്ടുണ്ട്. നേരത്തെ ഭൂമി ഏറ്റെടുത്ത് നൽകാത്തതിനെ തുടർന്ന് ദേശീയപാത അതോറിറ്റി ഉപേക്ഷിച്ചെന്ന് പ്രഖ്യാപിച്ച പദ്ധതിയാണ് ദേശീയപാത 66 ന്റെ വികസനം. 12.09.2014 ൽ ദേശീയപാത അതോറിറ്റിയുടെ റീജിയണൽ ഓഫീസർ നൽകിയ കത്തിൽ കേരളത്തിലെ NH 17 ന്റെ വികസനം, അറ്റകുറ്റപ്പണികൾ എന്നിവയിൽ നിന്ന് അതോറിറ്റി പിൻവാങ്ങുകയാണെന്ന് അറിയിച്ചിരുന്നു. 2016 ൽ അധികാരത്തിൽ വന്ന സർക്കാർ പ്രധാനമന്ത്രിയെയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയെയും നേരിൽ കണ്ട് കേരളത്തിന്റെ ദേശീയപാത വികസനത്തിനായി സമ്മർദ്ധം ചെലുത്തുകയും തുടർന്ന് ദേശീയപാത 66 ന്റെ വീതി കൂട്ടൽ പ്രവർത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്ന് ബഹു. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ മന്ത്രി ആവശ്യപ്പെടുകയുമുണ്ടായി. സംസ്ഥാനത്തെ ദേശീയപാത വികസനം സാധ്യമാക്കുന്നതിന് പ്രസ്തുത ആവശ്യം സംസ്ഥാനം അംഗീകരിച്ചു. ദേശീയപാത 66 ന്റെ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന്റെ 25% കിഫ്ബി മുഖേന നൽകുന്നതുമായി ബന്ധപ്പെട്ട് ദേശീയപാത അതോറിറ്റി, പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി,കിഫ്ബി ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ എന്നീ കക്ഷികൾ തമ്മിലുള്ള ത്രികക്ഷി കരാർ ഒപ്പ് വയ്ക്കുകയും ചെയ്തു.<br><br>ദേശീയപാത 66 ന്റെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ദേശീയപാത അതോറിറ്റിക്ക് ഇതുവരെ |

| | | | |
|---|---|---|---|
| | | | 5580,73,80,071/- രൂപ സംസ്ഥാന വിഹിതമായി നൽകിയിട്ടുണ്ട് |
| (ബി) | നിലവിലുള്ള ഏതെല്ലാം ദേശീയപാതകളുടെ വികസനത്തിനാണ് ഫണ്ട് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | ദേശീയപാത 66 ന്റെ വികസനപ്രവൃത്തിക്കൊപ്പം വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ്, കൊല്ലം ചെങ്കോട്ട ദേശീയപാത 744, എറണാകുളം ബൈപാസ്(ദേശീയപാത 544) എന്നീ പദ്ധതികൾക്കും സംസ്ഥാനം ഫണ്ട് അനുവദിക്കുന്നതിന്/നികുതി വിഹിതം വേണ്ട എന്ന് വയ്ക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്.<br><br>1.വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ്<br><br>റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള തുകയുടെ 50%, സർവീസ് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ തുക, നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം/റോയൽറ്റി എന്നിവ വേണ്ടെന്ന് വയ്ക്കുക എന്നീ വ്യവസ്ഥകൾ ഉൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പ് വയ്ക്കുന്നതിന് സംസ്ഥാനം അനുമതി നൽകിയിട്ടുണ്ട്. ഇത് മൂലം ഏകദേശം 1629.24 കോടി രൂപ ബാധ്യത ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>2.കൊല്ലം ചെങ്കോട്ട ദേശീയപാത 744<br><br>സംസ്ഥാന സർക്കാരിന് ലഭിക്കുന്ന ചരക്ക് സേവന നികുതി വിഹിതം ദേശീയപാത അതോറിറ്റിക്ക് ഗ്രാന്റ് ആയി നൽകുന്നതിനും, നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട വരുമാനം വേണ്ട എന്ന് വയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 317.35 കോടി രൂപയുടെ വരുമാനം വേണ്ട എന്ന് വയ്ക്കേണ്ടി വരും എന്ന് പ്രതീക്ഷിക്കുന്നു.<br><br>3.എറണാകുളം ബൈപാസ്(ദേശീയപാത 544)<br><br>സംസ്ഥാന സർക്കാരിന് ലഭിക്കുന്ന ചരക്ക് സേവന നികുതി വിഹിതം ദേശീയപാത അതോറിറ്റിക്ക് ഗ്രാന്റ് ആയി നൽകുന്നതിനും, നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട 424 കോടി രൂപയുടെ വരുമാനം വേണ്ട എന്ന് വയ്ക്കേണ്ടി വരും എന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | തുടർന്നും ഏതെങ്കിലും ദേശീയ പാതയുടെ വികസനത്തിനായി കേന്ദ്രം ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (സി) | ദേശീയപാത 66 ന്റെ ഭൂമി എറ്റെടുക്കലിന് സംസ്ഥാന വിഹിതം നൽകുന്ന മാതൃകയിൽ തേനി-മൂന്നാർ ദേശീയപാത 85, കോഴിക്കോട്-പാലക്കാട് ദേശീയപാത 966, തിരുവനന്തപുരം-അങ്കമാലി എന്നീ ഗ്രീൻഫീൽഡ് പാതകൾക്കും സംസ്ഥാന വിഹിതം |

| | | | |
|---|---|---|---|
| | | | നൽകണം എന്ന് ദേശീയപാത അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. കോഴിക്കോട്-പാലക്കാട് ദേശീയപാത 966 ന്റെ ഭൂമി ഏറ്റെടുക്കലിനുള്ള സംസ്ഥാന വിഹിതമായി ദേശീയപാത അതോറിറ്റി ആവശ്യപ്പെട്ട 13,19,65,44,922/- രൂപ നൽകുന്ന വിഷയം സംസ്ഥാന സർക്കാർ പരിശോധിച്ച് വരുന്നു.<br><br>കൊല്ലം ചെങ്കോട്ട ദേശീയപാത 744, വാളയാർ-വടക്കാഞ്ചേരി ദേശീയപാത 544, തൃശ്ശൂർ-ഇടപ്പള്ളി ദേശീയപാത 544 എന്നീ പാതകളുടെ വികസനത്തിന് ഭൂമിയേറ്റെടുക്കലിന്റെ 25% സംസ്ഥാന വിഹിതം നൽകണമെന്ന് ദേശീയപാത അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | രാജ്യത്തെ മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽനിന്നും കേന്ദ്രം ഇപ്രകാരം തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) | വിവിധ സംസ്ഥാനങ്ങളിൽ കൂടി കടന്നു പോകുന്ന രാജ്യത്തെ പ്രധാനപ്പെട്ട ദേശീയപാതകളിൽ ഒന്നായ ദേശീയപാത 66 ന്റെ വികസനത്തിനാണ് കേരളം 5580.73 കോടി രൂപ നൽകിയിരിക്കുന്നത്. എന്നാൽ കേന്ദ്രഉപരിതല ഗതാഗത വകുപ്പും ദേശീയപാത അതോറിറ്റിയും പ്രത്യേക കേസുകളിൽ സംസ്ഥാനങ്ങളിൽ നിന്ന് വിഹിതം ആവശ്യപ്പെടാറുണ്ട് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ